# അന്തർദേശീയ കാർഷിക പ്രദർശനം ഇന്നാരംഭിക്കും

Deshabhimani 27.12.17

**തൃശൂർ** > സംസ്ഥാന കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന അന്തർദേശീയ പ്രദർശനവും ശിൽപ്പശാലയും 'വൈഗ- 2017' വെള്ളാനിക്കരയിൽ ബുധനാഴ്ച ആരംഭിക്കും. 31വരെയാണ് പരിപാടി. കാർഷിക സർവകലാശാലാ ആസ്ഥാനത്ത് രാവിലെ പത്തിന് ഗവർണർ ജസ്റ്റിസ് പി സദാശിവം ഉദ്ഘാടനം ചെയ്യും. മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തും. നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവയാണ് ഇതിവൃത്തം.

നാല് വേദികളിലായാണ് സെമിനാറുകൾ സംഘടിപ്പിച്ചിട്ടുള്ളത്. മൂല്യവർധിത ഉൽപ്പന്ന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, സ്വകാര്യ ഏജൻസികൾ, കർഷക സംഘങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടേതടക്കം മുന്നൂറോളം പ്രദർശന സ്റ്റാളുകൾ സജ്ജമായിക്കഴിഞ്ഞു. സിംഗപ്പൂർ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്തോനേഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, മൈസൂർ സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് മുംബൈ എന്നിവയും കേന്ദ്ര കിഴങ്ങുഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല, തമിഴ്നാട് കാർഷിക സർവകലാശാല എന്നിവയും സാങ്കേതിക വിദ്യാനേട്ടങ്ങൾ പ്രദർശിപ്പിക്കും.

വിദ്യാർഥികൾക്കായി ക്വിസ്, പ്രസംഗം, പെയിന്റിങ് തുടങ്ങിയ മത്സരങ്ങൾ നടത്തുന്നുണ്ട്. വിദ്യാർഥികൾക്ക് കുടുംബസമേതം പ്രദർശനം കാണുന്നതിന് സ്കൂൾ വഴിയും സൗകര്യം ഒരുക്കിയിട്ടുണ്ട്. യുവകർഷകസംഗമവും നടക്കും. ദിവസവും വൈകിട്ട് ആറിന് കലാപരിപാടികളും നടക്കും. ബുധനാഴ്ച കലാമണ്ഡലം ക്ഷേമാവതിയും സംഘവും അവതരിപ്പിക്കുന്ന നൃത്തസന്ധ്യയും കളംപാട്ടുകൂട്ടം അവതരിപ്പിക്കുന്ന നാടൻ പാട്ടുമുണ്ടാകും.

സമാപന സമ്മേളനം 31ന് നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വിവിധ സെഷനുകളിലായി മന്ത്രിമാരായ ടി പി രാമകൃഷ്ണൻ, കെ ടി ജലീൽ, എ സി മൊയ്തീൻ എന്നിവരും പങ്കെടുക്കും.